# പതിനാലാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.877 — 25.01.2018-ൽ മറുപടിയ്ക്ക്

### കേരള രാജ്യാന്തര ചലച്ചിത്രമേളയ്ക്ക് സ്ഥിരം വേദി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>ശ്രീ.കെ.മുരളീധരൻ | ശ്രീ.എ.കെ.ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പ് മന്ത്രി) |
| (എ) കേരള രാജ്യാന്തര ചലച്ചിത്ര മേളയ്ക്ക് ചിത്രാഞ്ജലി സ്റ്റുഡിയോ കോംപ്ലക്സിൽ നിർമ്മിക്കുവാൻ തീരുമാനിച്ചിരുന്ന സ്ഥിരം വേദിയുടെ നിർമ്മാണം ഏത് ഘട്ടത്തിലാണ്; | (എ) കേരള രാജ്യാന്തര ചലച്ചിത്ര മേളയ്ക്ക് ചിത്രാഞ്ജലി സ്റ്റുഡിയോ കോംപ്ലക്സിൽ നിർമ്മിക്കുവാൻ ഉദ്ദേശിക്കുന്ന സ്ഥിരം വേദിയുടെ ഡി.പി.ആർ തയ്യാറാക്കുന്നതിനായി പ്രൈസ് വാട്ടർ കൂപ്പർ എന്ന കമ്പനിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഡി.പി.ആർ തയ്യാറാക്കാൻ 5 മാസത്തെ സമയം അനുവദിച്ചിട്ടുണ്ട്. 2018 ജൂണോടെ നിർമ്മാണം തുടങ്ങാൻ സാധിക്കുന്നതാണ്. 2020-ൽ പണി പൂർത്തിയാക്കുന്നതിനാണ് സർക്കാർ ഉദ്ദേശിക്കുന്നത്. |
| (ബി) ഏതൊക്കെ പദ്ധതികളാണ് ഇതിനോടൊപ്പം വിഭാവനം ചെയ്തിട്ടുള്ളത്; അതിന്റെ ഡി.പി.ആർ തയ്യാറാക്കിയിട്ടുണ്ടോ; | (ബി) ചലച്ചിത്ര മേളകൾക്കായി സ്ഥിരം വേദി എന്ന നിലയിൽ നിർമ്മിക്കുന്ന ഫെസ്റ്റിവൽ കോംപ്ലക്സിൽ സിനിമാ തീയേറ്ററുകൾ, കോൺഫറൻസ് ഹാൾ, ഗസ്റ്റ് ഹൗസ്, കൺവെൻഷൻ സെന്റർ, ചലച്ചിത്ര അക്കാദമിയുടെ ആസ്ഥാന ആഫീസ്, ഡോർമിറ്ററി, ഫിലിം ആർക്കൈവ്സ്, ഫിലിം ലൈബ്രറി, ഓപ്പൺ എയർ തിയേറ്റർ (2500 പേർക്ക് ഇരിക്കാവുന്നത്) എന്നിവയാണ് ഉൾപ്പെടുന്നത്. |
| (സി) കിഫ്ബിയിൽ നിന്നും ഇതിനകം ഈ പദ്ധതിക്ക് വേണ്ടി എന്ത് തുക ലഭ്യമാക്കിയെന്നും അതിൽ എന്ത് തുക ചെലവഴിച്ചുവെന്നും അറിയിക്കാമോ? | (സി) കിഫ്ബിയിൽ നിന്നും ഈ പദ്ധതിക്ക് വേണ്ടി പ്രത്യേക ഉദ്ദേശ കമ്പനിയായി നിയമിച്ചിട്ടുള്ള കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷന് തുക ആവശ്യാനുസരണം അനുവദിച്ച് നൽകുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ